"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

നം.ഡി.ബി3/440/2023/ത.സ്വ.ഭ.വ

തിരുവനന്തപുരം,
തീയതി:
15-08-2024

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ-സംബന്ധിച്ച്

പരാമർശം:-
1. 29/10/2015 ലെ സ.ഉ(സാ) നം.3217/2015/ത.സ്വ.ഭ.വ
2. 07/03/2019 ലെ സ.ഉ(സാ) നം.559/2019/ത.സ്വ.ഭ.വ
3. 11.02.2021 ലെ 29/2021/ധന സർക്കാർ ഉത്തരവ്
4. 03/06/2022 ലെ സ.ഉ(സാ) നം.1373/2022/ത.സ്വ.ഭ.വ
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/09/2023 ലെ തീരുമാനം (പൊതുവിഷയം ഖണ്ഡിക 3.1)
6. 25/10/2023 ലെ സ.ഉ(സാ) നം.2083/2023/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023 ലെ തീരുമാനം (പൊതുവിഷയം ഖണ്ഡിക 3.1)
8. 10/01/2024 ലെ സ.ഉ(സാധാ) നം.82/2024/ത.സ്വ.ഭ.വ
9. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06/06/2024 ലെ തീരുമാനം ( ഖണ്ഡിക 4.10)

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം പരാമർശം (3) ലെ സർക്കാർ ഉത്തരവിന്റെയും, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (5) തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 18,390/ രൂപയിൽ നിന്ന് Junior Public Health Nurse

(JPHN) ന് നൽകാവുന്ന വേതനമായ 24,520/- രൂപയായി 01/10/2023 തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും, മറ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ തുടരുന്നവർ ഇപ്പോൾ തുടരുന്നുവെങ്കിൽ അവർക്ക് പരാമർശം (4) പ്രകാരമുള്ള 18,390/- രൂപ വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്നും, സേവനം ലഭ്യമാക്കേണ്ടുന്ന ദിവസ ങ്ങളുടെ എണ്ണം നിഷ്കർഷിച്ചുകൊണ്ടും പരാമർശം (2) പ്രകാരമുള്ള മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ നിലനിർത്തിക്കൊണ്ടും പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

പാലിയേറ്റീവ് നേഴ്സായി പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷം ആൾക്കാർക്കും JPHN/ANM General Nursing B.S.C Nursing യോഗ്യതയില്ലായെന്ന സാഹചര്യം കൂടി പരിഗണിച്ച് പരാമർശം (5) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന Junior Public Health Nurse (JPHN) ന് നൽകാവുന്ന വേതനമായ 24,520/- രൂപ വേതനം പരാമർശം (1) പ്രകാരം നിലവിൽ മറ്റ് യോഗ്യതകൾ പ്രകാരം പാലിയേറ്റീവ് നേഴ്സായി തുടരുന്നവർക്കും ബാധകമാക്കിയും എന്നാൽ 01/10/2023 മുതൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് JPHN/ANM, General Nursing, B.S.C Nursing യോഗ്യത ഉണ്ടെങ്കിൽ മാത്രമേ പുതുക്കിയ വേതനം നൽകിയാൽ മതിയെന്നും പരാമർശം (6) ഉത്തരവിലെ മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും പരാമർശം (6) ലെ ഉത്തരവ് ഭേദഗതി ചെയ്ത് പരാമർശം (8) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (5) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ ഉത്തരവിലും ഭാവിയിൽ വരുത്തുന്ന ഉത്തരവിലും 'പാലിയേറ്റീവ് നേഴ്സ്' കാറ്റഗറി കൂടി ഉൾപ്പെടുത്തണമെന്ന വിഷയം പരിശോധിക്കുകയും പരാമർശം (9) തീരുമാന പ്രകാരം ധനവകുപ്പ് ഇതിന്മേൽ അനുമതി നൽകുന്നതുവരെ കാലാകാലങ്ങളിൽ ധനവകുപ്പ് നിരക്ക് ഭേദഗതി ചെയ്യുന്നതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേകമായി പരിഗണിച്ച് അതത് സമയത്ത് പരാമർശം (5) ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (6 ) ലെ ഉത്തരവിന്റെയും, പരാമർശം (7) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (8) പ്രകാരമുള്ള ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ തീരുമാനമെടുക്കാവുന്നതാണെന്ന് സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

ഉത്തരവിൻ പ്രകാരം

ലീന എൻ പി
അഡിഷണൽ സെക്രട്ടറി

Signed by
Smitha. L
Date: 16-08-2024 14:12:03
സെക്ഷൻ ഓഫീസർ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
കൺവീനർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം തിരുവനന്തപുരം
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ്(17/02/2024 ലെ e-2208495/DEV-5/291/2022/Fin)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ (DB3/440/2023-LSGD)